**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 346** **23-01-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെയും മറ്റ് സർക്കാർ വകുപ്പുകളുടെയും മേൽനോട്ടത്തിൽ നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് നികുതി നിശ്ചയിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയർ കൂടി പരിശോധന നടത്തേണ്ടതുണ്ടോ; വിശദമാക്കാമോ; | (എ) | ആവശ്യമില്ല.<br><br>2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിററി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 5(3)-ൽ കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പ് നടത്തുന്ന കെട്ടിട നിർമ്മാണത്തിന്റെ സംഗതിയിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പണി ആരംഭിക്കുന്നതിനു മുപ്പത് ദിവസങ്ങൾക്ക് മുമ്പായി നിർദിഷ്ടകെട്ടിടത്തിന്റെ പ്ലാനുകൾ, മറ്റ് എല്ലാ വിശദാംശങ്ങൾക്കുമൊപ്പം, ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ വ്യവസ്ഥകൾക്കും അനുരൂപമാണെന്നു നിർമ്മാണ ചുമതലയുള്ള മുഖ്യ ആർക്കിടെക്റ്റിന്റെ അല്ലെങ്കിൽ എഞ്ചിനീയരുടെ ഒപ്പുള്ള സാക്ഷ്യപത്രത്തോടൊപ്പം സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അത്തരം സംഗതികളിൽ സെക്രട്ടറിയിൽ നിന്ന് ഈ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി പത്രം ആവശ്യമില്ല എന്നു നിഷ്കർഷിക്കുന്നു. മേൽ പ്രകാരമുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് പോലുള്ള രേഖകൾ ആവശ്യമില്ലാത്തതിനാൽ കെട്ടിട നമ്പർ നൽകുന്നതിന് തടസ്സമില്ല. |
| (ബി) | പൊതുമരാമത്ത് വകുപ്പിലെ ക്ഷമതയുള്ള എഞ്ചിനീയർമാരുടെ ഒപ്പുള്ള സാക്ഷ്യപത്രം, പ്ലാനുകൾ എന്നിവ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ റിപ്പോർട്ട് കൂടി ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ആവശ്യമുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ഇല്ല.<br><br>2019-ലെ കേരള പഞ്ചായത്ത്./മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ